# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ജനുവരി 28, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി**

**സംരംഭകത്വ പ്രോത്സാഹനം**

*31 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകത്വ പ്രോത്സാഹനത്തിനായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) എം. എസ്. എം. ഇ. ക്ലിനിക്കുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇക്കാലയളവിൽ സംരംഭക സഭകൾ സംഘടിപ്പിക്കുന്നതിന് കഴിഞ്ഞിരുന്നോ; വ്യക്തമാക്കുമോ;

(ഡി) സംരംഭക മേഖലയിൽ സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**മാരിടൈം മേഖലയിലെ വികസനം**

*32 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര-ദേശീയ തലങ്ങളിൽ മാരിടൈം മേഖലയും അനുബന്ധ മേഖലകളും വളർച്ചയുടെ പാതയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനനുസൃതമായി സംസ്ഥാനത്തെ ലോജിസ്റ്റിക്സ്, മാരിടൈം വ്യവസായ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള തുറമുഖങ്ങളിൽ നിക്ഷേപം ആകർഷിച്ച് കൂടുതൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തും മാരിടൈം മേഖല വികസിക്കുന്ന സാഹചര്യത്തിൽ മാരിടൈം കേസുകൾ കൈകാര്യം ചെയ്യാൻ ഒരു ട്രൈബ്യൂണൽ രൂപീകരിക്കാനുള്ള സാധ്യത പരിശോധിക്കുമോ; വ്യക്തമാക്കാമോ?

**<u>കേന്ദ്രാവഗണന മൂലമുള്ള സാമ്പത്തിക സ്ഥിതിവിശേഷം തരണം ചെയ്യാൻ നടപടി</u>**

*33 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി കേരളത്തിന് അർഹതപ്പെട്ട വിഹിതം കേന്ദ്രസർക്കാർ വർദ്ധിപ്പിക്കുന്നുണ്ടോ; കേന്ദ്ര വിഹിതം കാലവിളംബം കൂടാതെ സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിത തുകയിൽ നിന്നും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വിവിധ ഇനങ്ങളിൽ ഉണ്ടായിട്ടുള്ള വരുമാന നഷ്ടം എത്രയെന്ന് വിശദമാക്കുമോ;

(സി) കേന്ദ്രസർക്കാരിന്റെ വിവിധ സൂചികകൾ പ്രകാരം സംസ്ഥാനം പുരോഗതി നേടിയിട്ടും കേന്ദ്രസർക്കാരിൽ നിന്നും കൂടുതൽ വിവേചനം നേരിടുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) നിലവിലെ സാമ്പത്തിക സ്ഥിതിവിശേഷം തരണം ചെയ്യുന്നതിന് സർക്കാർ നടത്തുന്ന ധനദൃഢീകരണ പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ടോ; ഈ പ്രവർത്തനങ്ങളെ കേന്ദ്രസർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾ പ്രകീർത്തിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി</u>**

*34 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സജീവ് ജോസഫ്**

**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പന്ത്രണ്ട് മാസങ്ങളായി സംസ്ഥാനങ്ങൾക്കിടയിലെ വിലക്കയറ്റത്തിന്റെ തോതിൽ കേരളം ഒന്നാം സ്ഥാനത്താണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വിലക്കയറ്റതോത് ഇത്രയും മാസമായി ഉയർന്ന് നിൽക്കാനുള്ള കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പഠനത്തിന്റെ വിശദാംശം നൽകാമോ; വിലക്കയറ്റം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>വ്യവസായ വകുപ്പിന്റെ 'വിഷൻ 2031' പദ്ധതി</u>**

*35 **ശ്രീ വി ശശി**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മുൻനിര വ്യവസായനിക്ഷേപ കേന്ദ്രമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് 'വിഷൻ 2031' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭാവിയിലെ വ്യാവസായിക ആവശ്യങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്ത് യുവജനങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നൈപുണ്യവികസന-സംരംഭക സർവകലാശാല സ്ഥാപിക്കുവാൻ 'വിഷൻ 2031' വിഭാവനം ചെയ്യുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഉന്നത സാങ്കേതിക ശേഷിയുള്ള വ്യവസായ കേന്ദ്രങ്ങളുടെ ആഗോള ലക്ഷ്യസ്ഥാനമാക്കി സംസ്ഥാനത്തെ മാറ്റുന്നതിനായി ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ സ്ഥാപിക്കാൻ 'വിഷൻ 2031' പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വ്യവസായമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പരിഷ്കാരങ്ങൾ, വ്യവസായ ഇടനാഴികൾ, ഇന്നവേഷൻ ഹബ്ബുകൾ തുടങ്ങിയവ 'വിഷൻ 2031' ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ തുടർപ്രവർത്തനങ്ങൾ</u>**

*36 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപതാത്പര്യപത്രങ്ങൾ നിക്ഷേപങ്ങളായി പരിവർത്തനപ്പെടുത്തുന്നതിൽ ദേശീയ ശരാശരി എത്രയാണ്; ഇതു മറികടക്കാൻ സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷം ലോകോത്തരമാക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകളിലൂടെ സാധ്യമായിട്ടുണ്ടോ; ഇതിന്റെ ഭാഗമായി നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) നിക്ഷേപതാത്പര്യപത്രങ്ങൾ നിക്ഷേപങ്ങളായി പരിവർത്തനപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) സർക്കാർ സംഘടിപ്പിച്ച ആഗോള നിക്ഷേപ സംഗമം വിജയകരമാക്കുന്നതിനായി നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

## വനിതാ വ്യവസായ പാർക്കുകൾ

*37 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്താദ്യമായി വനിതാ വ്യവസായ പാർക്കുകൾ പ്രാവർത്തികമാക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) വനിതാ സംരംഭകർക്ക് അനുയോജ്യമായ രീതിയിൽ വ്യവസായ പാർക്കുകളുടെ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## ശബരിമല വികസന അതോറിറ്റി

*38 **ശ്രീമതി യു പ്രതിഭ**
**ശ്രീ. എം. എം. മണി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് ശബരിമല വികസന അതോറിറ്റി രൂപീകരിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അതോറിറ്റിയുടെ ഘടന എപ്രകാരമാണ്; ഇതു സംബന്ധിച്ച നിയമ നിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ;

(സി) ക്ഷേത്ര വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെയും ഈ മേഖലയിൽ തത്പരരായ വിശിഷ്ട വ്യക്തികളെയും പ്രസ്തുത അതോറിറ്റിയുടെ ഭാഗമാക്കുമോ; വിശദമാക്കുമോ;

(ഡി) ശബരിമല വികസനവുമായി ബന്ധപ്പെട്ട് വിശാല കാഴ്ചപ്പാടോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആയത് സമയബന്ധിതമായി നടപ്പാക്കുന്നതിനും ലക്ഷ്യമിട്ട്

രൂപീകരിക്കുന്ന പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനം കാലതാമസം കൂടാതെ ആരംഭിക്കുവാൻ കഴിയുമോ; വ്യക്തമാക്കുമോ?

**ഹഡിൽ ഗ്ലോബൽ ഉച്ചകോടിയും അന്താരാഷ്ട്ര എക്സ്പോഷർ പ്രോഗ്രാമും**

*39 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹഡിൽ ഗ്ലോബൽ ഉച്ചകോടിയും അന്താരാഷ്ട്ര എക്സ്പോഷർ പ്രോഗ്രാമും നടത്തിയതിലൂടെ ഉണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) ഇൻഫിനിറ്റി കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; ഇത്തരം കേന്ദ്രങ്ങൾ നിലവിൽ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും പുതുതായി എവിടെയെല്ലാം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) നിലവിലെ സ്റ്റാർട്ടപ്പുകളിൽ സേവന മേഖലയിലും ഉല്പന്നാധിഷ്ഠിത രംഗത്തും പ്രവർത്തിക്കുന്നവയെക്കുറിച്ചുള്ള വിശദാംശം അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളിൽ നിന്നുള്ള സേവനങ്ങളും ഉല്പന്നങ്ങളും സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ നേരിട്ട് വാങ്ങുന്നതിനായുള്ള ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ് എന്ന പദ്ധതി വിജയകരമാക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ദേവസ്വം ക്ഷേത്രങ്ങളുടെ ഭരണത്തിലെ വീഴ്ചകൾ തടയാൻ നടപടി**

*40 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീമതി കെ. കെ. രമ**
**ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭരണത്തിൽ ഗുരുതരമായ വീഴ്ചകളും സാമ്പത്തിക ക്രമക്കേടുകളും മോഷണങ്ങളും നടന്നിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ശബരിമലയിലെ ദ്വാരപാലക ശില്പത്തിലും കട്ടിളപാളിയിലും പൊതിഞ്ഞിരുന്ന സ്വർണ്ണം ദേവസ്വം ബോർഡിന്റെ കൂടി അറിവോടെ അപഹരിച്ചതായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

**നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി**

*41 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**

**ശ്രീ. എ. കെ. എം. അഷ്‌റഫ്**

**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് വർദ്ധനവും ഭൂമി തരംമാറ്റ നടപടികളിലെ കാലതാമസവും നിർമ്മാണ മേഖലയിൽ പ്രതിസന്ധിക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വിവിധ സർക്കാർ മേഖലകളിലെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ഈ മേഖലയെ തളർത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ശബരിമല മാസ്റ്റർ പ്ലാൻ

*42 **ശ്രീ എം മുകേഷ്**

**ഡോ. സുജിത് വിജയൻപിള്ള**

**ശ്രീ. കെ.വി.സുമേഷ്**

**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള ശബരിമല വികസനവും ഭക്തർക്ക് സംതൃപ്തമായ തീർത്ഥാടനാനുഭവം പ്രദാനം ചെയ്യുന്നതിനും ലക്ഷ്യമിടുന്ന ശബരിമല മാസ്റ്റർ പ്ലാൻ സംബന്ധിച്ച നടപടികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മുൻപുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി പദ്ധതികളുടെ ആസൂത്രണത്തിലും പൂർത്തീകരണത്തിലും ഗതിവേഗം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ശബരിമല വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി വനഭൂമിയുടെ ഉപയോഗത്തിന് കേന്ദ്രസർക്കാരിൽ നിന്നും സമയബന്ധിതമായി അനുമതി ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ അത് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## വ്യവസായ മേഖലയുടെ വികസനം

*43 **ശ്രീ. മാണി. സി. കാപ്പൻ**

**ശ്രീ. മോൻസ് ജോസഫ്**

**ശ്രീ. പി. ജെ. ജോസഫ്**

**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിന് ആവശ്യമായ വൈദ്യുതി, വെള്ളം, റോഡ്, റെയിൽവേ, തുറമുഖ സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത വ്യവസായങ്ങളുടെ സ്ഥാപനത്തിനും വിപുലീകരണത്തിനും തടസ്സമായി മാറുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) നിലവിലുള്ള റോഡ്, റെയിൽവേ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും പരിപാലനക്കുറവും കാരണം ഗതാഗത ചെലവ് വർധിക്കുകയും വ്യവസായ ഉൽപ്പാദന നിരക്ക് കുറയുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യവസായ മേഖലകളുമായി ബന്ധിപ്പിക്കുന്ന ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>

*44 **ശ്രീ ഡി കെ മുരളി**
**ശ്രീ വി ജോയി**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കിയെന്ന ചരിത്രപരമായ നേട്ടം കൈവരിക്കുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിന്റെയും അനുബന്ധ അടിസ്ഥാന സൗകര്യവികസനത്തിന്റെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വിഴിഞ്ഞം തുറമുഖ പദ്ധതി മുഖേന കൈവരിച്ച നേട്ടങ്ങൾ വിശദീകരിക്കാമോ;

(ഡി) അന്താരാഷ്ട്ര തുറമുഖമെന്ന നിലയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ഏതെല്ലാം അനുമതികൾ വിഴിഞ്ഞം തുറമുഖത്തിന് ലഭിച്ചിട്ടുണ്ട്; ഏതെല്ലാം അനുമതികൾ ഇനി ലഭിക്കുവാനുണ്ട്; വിശദാംശം നൽകാമോ?

## <u>എൻവയോൺമെന്റൽ സോഷ്യൽ ആൻഡ് ഗവേണൻസ് പോളിസി</u>

*45 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ൽ പുറത്തിറക്കിയ വ്യവസായ നയത്തിന്റെ തുടർച്ചയായി പ്രഖ്യാപിച്ച ഉപമേഖലാ നയങ്ങളും ചട്ടക്കൂടുകളും സംസ്ഥാനത്തെ നിലവിലെ വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുമോയെന്ന് വിശദമാക്കാമോ;

(ബി) ഉപമേഖലാ നയങ്ങളുടെയും ചട്ടക്കൂട്ടുകളുടെയും ഭാഗമായി രാജ്യത്താദ്യമായി ഇ. എസ്. ജി.നയം (എൻവയോൺമെന്റൽ സോഷ്യൽ ആൻഡ് ഗവേണൻസ് പോളിസി) രൂപീകരിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സാങ്കേതികവിദ്യയും ഗവേഷണ-വികസനവും അടിസ്ഥാനമാക്കി വിജ്ഞാനാധിഷ്ഠിത വ്യവസായവൽക്കരണത്തിന് ഉതകുന്ന ഏതെല്ലാം നിർദ്ദേശങ്ങളാണ് ഇതിന്റെ ഭാഗമായി മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഹൈടെക് മാനുഫാക്ചറിംഗ് പാർക്കുകളുടെയും ഇന്നവേഷൻ ക്ലസ്റ്ററുകളുടെയും നിർമ്മാണത്തിന് മുൻഗണന നൽകുന്നതിനായി നയപരിപാടി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>വൈദ്യുതി വിതരണ ശൃംഖല ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തൽ</u>

*46 **ശ്രീ. എം. എം. മണി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണ ശൃംഖല ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ഗുണമേന്മയുള്ളതും തടസ്സരഹിതവുമായ വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് ഗ്രിഡ് എന്ന ലക്ഷ്യം മുൻനിർത്തി ഈ മേഖലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി സ്കാഡ-എ. ഡി. എം. എസ്.(സൂപ്പർവൈസറി കൺട്രോൾ ആൻഡ് ഡാറ്റ അക്വിസിഷൻ - അഡ്വാൻസ്ഡ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം) എന്ന നൂതനപദ്ധതി സംസ്ഥാനത്ത് നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വേനൽക്കാലത്തെ അമിതമായ വൈദ്യുതി ഉപയോഗം മൂലം ട്രാൻസ്ഫോർമറുകളിൽ ഉണ്ടാകുന്ന ക്രമാതീതമായ ലോഡ് നിയന്ത്രിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## <u>സഹകരണമേഖലയുടെ ഡിജിറ്റൽവൽക്കരണം</u>

*47 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ.വി.സുമേഷ്**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്ത് വിവരസാങ്കേതികവിദ്യാ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ സഹകരണമേഖലയിലും എത്തിക്കുന്നതിന് സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സഹകരണ വിപണന രംഗം ഹൈ-ടെക് ആക്കുന്നത് ലക്ഷ്യമിട്ട് ഓൺലൈൻ പ്ലാറ്റ്‌ഫോം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷൻ, ഭേദഗതി തുടങ്ങിയ പ്രവർത്തനങ്ങൾ സുഗമമായും സുതാര്യതയോടെയും കൈകാര്യം ചെയ്യുന്നതിന് സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച സി. എ. ജി. റിപ്പോർട്ട്</u>

*48 **ശ്രീമതി കെ. കെ. രമ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്ന് 2025-ൽ പ്രസിദ്ധീകരിച്ച സി. എ. ജി. റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) അഞ്ചു വർഷം കൊണ്ട് ഒരു ലക്ഷം കോടി രൂപ വായ്പ ഇനത്തിൽ തിരിച്ചടയ്ക്കണമെന്ന സി. എ. ജി. റിപ്പോർട്ടിലെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കടമെടുത്ത തുകയുടെ വെറും 5.18 ശതമാനം മാത്രമാണ് വികസന പദ്ധതികൾക്കായി ചെലവഴിക്കാൻ കഴിഞ്ഞതെന്ന പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>ശബരിമല തീർത്ഥാടനം</u>

*49 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച തീർത്ഥാടനാനുഭവം നൽകുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഉദ്ദേശ്യലക്ഷ്യത്തിലെത്തിയിട്ടുണ്ടോ; ഈ സീസണിൽ തീർത്ഥാടകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കാനന പാതയിലൂടെ സന്നിധാനത്തേക്ക് എത്തുന്ന ഭക്തരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഈ രീതിയിൽ എത്തുന്നവരുടെ സുരക്ഷയ്ക്കും സുഗമമായ സഞ്ചാരത്തിനും എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) മണ്ഡല പൂജയ്ക്കെത്തുന്ന മുഴുവൻ തീർത്ഥാടകർക്കും സുഗമമായ ദർശനം ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം വെട്ടിക്കുറയ്ക്കൽ

*50 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം ഗണ്യമായി വെട്ടിക്കുറച്ച് മുഴുവൻ സാമ്പത്തികഭാരവും സംസ്ഥാനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലയളവിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിൽ ഇതുമൂലമുണ്ടായ ഉണ്ടായ അധികചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിത അനുപാതത്തിൽ വീണ്ടും മാറ്റം വരുത്തുന്നത് ജനപ്രിയ പദ്ധതികളുടെ നടത്തിപ്പിനെ ഏതു രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനം നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതി വിഹിതത്തിലും ഇത്തരത്തിൽ അനുപാതം മാറ്റി നിശ്ചയിച്ചിട്ടുണ്ടോ; ഇതിലൂടെ ഉണ്ടാകുന്ന അധിക ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് വിവേചനപരമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ; വർദ്ധിച്ച ചെലവുകൾ നേരിടുന്നതിന് തനത് വരുമാനം ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

*51 **ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ ഇനങ്ങളിലുള്ള ചെലവ് ഉയർന്നതുമൂലം റവന്യൂ-ധനകമ്മി ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ കൂടിയതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതുമൂലം സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നടപ്പുസാമ്പത്തിക വർഷത്തെ അവശേഷിക്കുന്ന കാലയളവിലെ ചെലവുകൾക്കായി എപ്രകാരം തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കൽ

*52 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അനുവദനീയമായ കടമെടുപ്പ് പരിധിയിൽ കേന്ദ്രസർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; ഇതിലൂടെ ഈ സാമ്പത്തിക വർഷം ഉണ്ടാകുന്ന കുറവ് എത്രയാണ്; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കടമെടുപ്പ് പരിധിയിലെ വെട്ടിക്കുറവ് കാരണം ഉണ്ടായിട്ടുള്ള വരുമാന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കേന്ദ്രസർക്കാരിന്റെ ഇത്തരം നടപടികളെ എതിർക്കുന്നതിനോ ഈ വിഷയം ചർച്ച ചെയ്യുന്നതിനോ അർഹതപ്പെട്ട വിഹിതം ചോദിച്ചുവാങ്ങുന്നതിനോ സംസ്ഥാനത്തുനിന്നുള്ള ചില ജനപ്രതിനിധികൾ ശ്രമിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് ഇടപെടുന്ന ജനപ്രതിനിധികളുടെ നിവേദനങ്ങൾക്ക് പാർലമെന്റിനകത്ത് അനുഭാവപൂർണ്ണമായ മറുപടി നൽകുമ്പോഴും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ കേന്ദ്രസർക്കാരിൽ നിന്നും തീരുമാനങ്ങൾ ഉണ്ടാകുന്നില്ല എന്നത് പരിഗണിച്ച് നിയമ നടപടി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ച് സി. എ. ജി.യുടെ റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത</u>**

*53 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ക്രമാനുഗതമായി റവന്യൂ കമ്മി ഇല്ലാതാക്കിയും കടം നിയന്ത്രിച്ചും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സാമ്പത്തിക ഉത്തരവാദിത്ത നിയമം അതിന്റെ ലക്ഷ്യം കൈവരിക്കുന്നതിൽ എത്രമാത്രം പുരോഗതി പ്രാപിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) അധിക വരുമാന ആസ്തികൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമെന്നും ഇതുമൂലം സമ്പദ്‌വ്യവസ്ഥയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനായി പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനം

*54 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിനായുള്ള അനുബന്ധ സൗകര്യ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) വിഴിഞ്ഞം തുറമുഖത്തുനിന്നും കരമാർഗ്ഗം ചരക്കുനീക്കം സാധ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും തുറമുഖത്തിലേക്കുള്ള അപ്രോച്ച് റോഡിനെ ദേശീയപാത (എൻ.എച്ച്-66) യുമായി ബന്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) വിഴിഞ്ഞം തുറമുഖ മേഖലയിലെ ജനങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രദേശത്തെ മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയെന്തെന്നും വിശദമാക്കാമോ?

## കെ. എസ്. ഇ. ബി.യുടെ പ്രവർത്തനം വിലയിരുത്തൽ

*55 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ രംഗങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ കെ. എസ്. ഇ. ബി. ക്ക് പ്രവർത്തനലാഭം നേടുന്നതിന് സഹായകരമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവ് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇത് കെ. എസ്. ഇ. ബി. യുടെ അറ്റാദായം വർദ്ധിപ്പിക്കാൻ സഹായകമായോയെന്ന് വിശദമാക്കാമോ;

(ഡി) വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## കേന്ദ്ര വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളും

*56 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വായ്പയെടുക്കുന്നതിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നിബന്ധനകൾ സംസ്ഥാനത്തെ സാമ്പത്തികമായി കൂടുതൽ സമ്മർദ്ദത്തിലാക്കാനുദ്ദേശിച്ചുള്ളതാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യം കണക്കിലെടുക്കാറുണ്ടോ; കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര സർക്കാരിന്റെ പ്രാമുഖ്യം സംസ്ഥാന സർക്കാരിന്റെ ഇടപെടലുകളെ ഗണ്യമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തുന്ന രീതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് പങ്കിടൽ വ്യവസ്ഥ പുനഃക്രമീകരിച്ചതുമൂലം സംസ്ഥാനത്തിന് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ ചുരുക്കിയും വികസന ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്രശ്രമം നടത്തുന്നുണ്ടോ; വിശദമാക്കാമോ?

## ജലവൈദ്യുത പദ്ധതികൾ

*57 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിലും പൂർത്തീകരണത്തിലും ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) മുടങ്ങിക്കിടന്ന ഏതെല്ലാം ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ആകെ വൈദ്യുതി ഉല്പാദനം എത്രയാണ്; ഈ സർക്കാരിന്റെ കാലയളവിൽ ഉല്പാദനത്തിലുണ്ടായ വർദ്ധനവ് എത്രയാണ്; വിശദാംശം നൽകാമോ;

(ഡി) ഈ രംഗത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

## സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം

*58 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി ദെലീമ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദ അന്തരീക്ഷത്തിന്റെ കാര്യത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അന്തർദേശീയ തലത്തിൽ ശ്രദ്ധിയാകർഷിക്കുന്ന തരത്തിൽ സംസ്ഥാനത്തിലെ വ്യവസായ അന്തരീക്ഷത്തെ മികച്ചതാക്കി മാറ്റുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ;

(സി) നിക്ഷേപ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തിയത് സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ എത്തിക്കുന്നതിന് സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനം വ്യവസായത്തിന് അനുയോജ്യമല്ലെന്ന പ്രചരണങ്ങളെ തിരുത്തിക്കൊണ്ട് സർക്കാർ നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെ ഭാഗമായി മുന്നോട്ടു വച്ച സംരംഭക വർഷം, ആഗോള നിക്ഷേപക സംഗമം എന്നീ പദ്ധതികൾ വിജയകരമായി മാറ്റുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ചെറുകിട തുറമുഖങ്ങളുടെ വികസനം

*59 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പൂർണ്ണസജ്ജമാകുന്നതോടെ സുഗമമായ ചരക്കു നീക്കത്തിനായി മറ്റ് ചെറുകിട-ഇടത്തരം തുറമുഖങ്ങളും വികസിപ്പിക്കപ്പെടേണ്ടതാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിനായി ഏതെല്ലാം തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ഇതിൽ സ്വകാര്യ പങ്കാളിത്തം ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## ട്രഷറി നിയന്ത്രണം

*60 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ ട്രഷറിയിൽ മാറുന്നതുമായി ബന്ധപ്പെട്ട് 19/08/2025-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ ട്രഷറി നിയന്ത്രണം നിലവിൽ തുടരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയന്ത്രണം നിലനിൽക്കുന്നുണ്ടെങ്കിൽ സാമ്പത്തിക വർഷം അവസാനിക്കാൻ രണ്ടര മാസം മാത്രം ശേഷിച്ചിരിക്കെ ട്രഷറി നിയന്ത്രണം ഒഴിവാക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2026 ജനവരി 19, തിങ്കൾ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].